# Mathrubhoomi Daily – January 15, 2021

# സംരംഭകർക്ക് പിന്തുണയുമായി 'ഒരു ജില്ല, ഒരു ഉത്പന്നം'



## ➔ തിരുവനന്തപുരത്ത് മരച്ചീനി, കാസർകോട് കല്ലുമ്മക്കായ

**ആർ. ആതിര**
തിരുവനന്തപുരം

▸ ചക്കമുതൽ കല്ലുമ്മക്കായവരെ തിരഞ്ഞെടുത്ത പത്തിലേറെ ഉത്പന്നങ്ങളുടെ സംരംഭകർക്ക് പിന്തുണയുമായി 'ഒരു ജില്ല, ഒരു ഉത്പന്നം' പദ്ധതി. ഭക്ഷ്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ സഹായിക്കുന്നതിനായുള്ള കേന്ദ്രത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണിത്. ഉത്പാദനം മെച്ചപ്പെടുത്തി കൂടുതൽ വിപണിയും വരുമാനവും ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. കാർഷിക സർവകലാശാല പഠനം നടത്തിയാണ് 14 ജില്ലകളിലെയും പ്രധാനപ്പെട്ട ഭക്ഷ്യവിഭവം തിരഞ്ഞെടുത്തത്.

വ്യക്തിഗത സൂക്ഷ്മസംരംഭങ്ങൾ, കർഷക ഉത്പാദക സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനത്തെ പ്രോത്സാഹനവും പിന്തുണയുമാണ് പദ്ധതി വാഗ്ദാനം ചെയ്യുന്നത്. ഓരോ ജില്ലയുടെയും തനത് ഭക്ഷ്യവിഭവങ്ങളും അവയുടെ മൂല്യവർധിത ഉത്പന്നങ്ങളും ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾക്കാണ് ധനസഹായം ലഭിക്കുന്നത്.

> ❜ പദ്ധതിയിലൂടെ സംരംഭകരുടെ ഉത്പന്നങ്ങൾക്ക് മികച്ച വിപണി ലഭിക്കും. 2020–21 സാമ്പത്തികവർഷത്തിലെ പ്രവർത്തനങ്ങൾക്കായി 16.92 കോടി കേന്ദ്രം അനുവദിച്ചു. പദ്ധതിയുടെ പ്രവർത്തനങ്ങളിൽ 60 ശതമാനം കേന്ദ്രഫണ്ടും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്.
>
> **സൂരജ് എസ്.,**
> **ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,**
> **കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**

വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതിച്ചെലവിന്റെ 35 ശതമാനമാണ് മൂലധന സബ്സിഡി നൽകുന്നത്.

സംരംഭകർ സമർപ്പിക്കുന്ന അപേക്ഷകളിൽ ജില്ലാതല കമ്മിറ്റി പരിശോധന നടത്തി യോഗ്യതയുള്ളവ സംസ്ഥാന കമ്മിറ്റിയിൽ സമർപ്പിക്കും. സംസ്ഥാന സമിതി തിരഞ്ഞെടുക്കുന്ന സംരംഭങ്ങളാണ് കേന്ദ്രത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. സംസ്ഥാനത്ത് വ്യവസായവകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനാണ് പദ്ധതിയുടെ നോഡൽ ഏജൻസി.

| ജില്ല | ഭക്ഷ്യവിഭവം |
|---|---|
| തിരുവനന്തപുരം | മരച്ചീനി |
| കൊല്ലം | മരച്ചീനിയും മറ്റു കിഴങ്ങുവർഗങ്ങളും |
| പത്തനംതിട്ട | ചക്ക |
| ആലപ്പുഴ | അരി |
| കോട്ടയം | പൈനാപ്പിൾ |
| ഇടുക്കി | സുഗന്ധദ്രവ്യങ്ങൾ |
| എറണാകുളം | പൈനാപ്പിൾ |
| തൃശ്ശൂർ | അരി ഉത്പന്നങ്ങൾ |
| പാലക്കാട് | വാഴ |
| മലപ്പുറം | തേങ്ങ |
| കോഴിക്കോട് | തേങ്ങ |
| വയനാട് | പാലുത്പന്നങ്ങൾ |
| കണ്ണൂർ | വെളിച്ചെണ്ണ |
| കാസർകോട് | കല്ലുമ്മക്കായ |